പ്രാദേശിക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ നടപടി

60 (3262) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ ജില്ലകളിലും പ്രാദേശിക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

പുരാവസ്തു വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും ജില്ലാതല പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം ജില്ലകളിൽ മ്യൂസിയത്തിനുള്ള സ്ഥലം കണ്ടെത്തുകയും അവിടങ്ങളിൽ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മ്യൂസിയം വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായ 'കേരളം മ്യൂസിയ'ത്തെയാണ് പ്രസ്തുത പണികൾ ഏൽപ്പിച്ചിട്ടുള്ളത്. പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് മ്യൂസിയങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതാണ്. മറ്റ് ജില്ലകളിൽ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് മാത്രമെ മ്യൂസിയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

കലാഗ്രാമം സ്ഥാപിക്കുന്നതിനുള്ള നടപടികൾ

61 (3263) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കണ്ണപുരം ഗ്രാമപഞ്ചായത്ത് കേരള ഫോക്ക്‌ലോർ അക്കാദമിക്ക് അനുവദിച്ച സ്ഥലത്ത് കലാഗ്രാമം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നിർമ്മിതി കേന്ദ്രം ഫോക്‌ലോർ അക്കാദമിക്ക് സമർപ്പിച്ചിട്ടുള്ള പ്രോജക്ടിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണ്ണപുരം കലാഗ്രാമം സ്ഥാപിക്കുന്നതിനായി കേരള ഫോക്ക് ലോർ അക്കാദമിക്ക് അനുവദിച്ച സ്ഥലം ചുറ്റമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ 5.50 കോടി രൂപയുടെ പ്രോജക്ട് അനുസരിച്ച് സർക്കാർ ഫണ്ട് കൂടാതെയുള്ള മറ്റ് ധനസ്രോതസ്സുകൾ കണ്ടെത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയം

62 (3264) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിന്റെ നവീകരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ;

(ബി) പ്രസ്തുത മ്യൂസിയം നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ വിപുലമായ സൗകര്യങ്ങളോടെ ആയത് പ്രവർത്തിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ അധീനതയിൽ എത്ര മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നു ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിൽ മ്യൂസിയം, ഓഫീസ്, ഗ്യാലറികൾ എന്നിവ സജ്ജീകരിച്ച് നവീകരണ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. ശിൽപ്പങ്ങൾ, ദാരുശിൽപങ്ങൾ എന്നിവ പ്രദർശന യോഗ്യമാക്കുകയും കഥകളി കോപ്പുകളുടെ നവീകരണം, പ്രതിമകളുടെ കേടുപാടുകൾ തീർക്കൽ എന്നിവ കേരള കലാമണ്ഡലം മുഖേനയും നടപ്പാക്കിയിട്ടുണ്ട്. ആകെ 13,73,124 രൂപയുടെ (പതിമൂന്ന് ലക്ഷത്തി എഴുപത്തിമൂവായിരത്തി ഒരുന്നൂറ്റി ഇരുപത്തിനാല് രൂപ മാത്രം) പ്രവർത്തനങ്ങളാണ് മ്യൂസിയത്തിൽ നടപ്പിലാക്കിയത്. മ്യൂസിയം സ്ഥിതി ചെയ്യുന്ന കെട്ടിടം ദേവസ്വം ബോർഡിന്റെ അധീനതയിലായതിനാൽ മ്യൂസിയത്തിന്റെ വിപുലമായ വികസന പ്രവർത്തനങ്ങൾക്ക് ദേവസ്വം ബോർഡിന്റെ അനുമതിയും സഹകരണവും ആവശ്യമാണ്. പ്രസ്തുത മ്യൂസിയം ഉൾപ്പെടുന്ന സ്ഥലം 1968-ലെ കേരള പ്രാചീന

LIBRARY ARCHIVES Kerala Legislative Assembly